പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകാനുള്ള വ്യവസ്ഥകൾ

263 [577] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ്സുകൾക്ക് പുതിയ പെർമിറ്റ് നൽകാൻ ഇന്നുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും എന്തെല്ലാമാണ്;

(ബി) യാത്രക്കാരുടെ വിഷമതകൾ കണക്കിലെടുത്ത് സ്വകാര്യ ബസ്സുകൾ ഓടുന്ന റൂട്ടുകളിൽ ആവശ്യക്കാർക്ക് വേണ്ടത്ര ബസ്സുകൾക്ക് നിയന്ത്രണങ്ങൾ ചുമത്താതെ പെർമിറ്റു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വെഹിക്കിൾ ആക്ടിലെ സെക്ഷൻ 47, 62 എന്നിവ പ്രകാരവും, കേരള മോട്ടോർ വെഹിക്കിൾസ് റൂൾ 177 എന്നീ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമാണ് പ്രൈവറ്റ് ബസ്സുകൾക്ക് പുതിയ പെർമിറ്റ് നൽകുന്നത്. എന്നാൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് മോട്ടോർ വാഹന ആക്ടിലെ സെക്ഷൻ 43 എ അനുശാസിക്കുന്ന പ്രകാരമാണ്.

(ബി) സുരക്ഷിതത്വ നടപടിയുടെ ഭാഗമായിട്ടാണ് പെർമിറ്റ് നൽകുമ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ പെർമിറ്റ് നൽകുന്നകാര്യം അസാദ്ധ്യമാണ്.

ബെൻസ്, ലെയ്ലാൻഡ് ബസ്സുകളുടെ വില

264 [578] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ:
ശ്രീ. എം.കെ. കേശവൻ:
,, കെ.പി. പ്രഭാകരൻ:
,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ബെൻസ്, ലെയ്ലാൻഡ് കമ്പനി വക ബസ്സുകൾക്ക് ചെയിസിസ്, ടയർ, ബോഡി ഉൾപ്പെടെ മൊത്തം വില എത്ര വീതമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

നൈലോൺ ടയറോടുകൂടിയ ബെൻസ് ചേസിസ്സിന്റെ വില 1,93,791.48 രൂപയും റയോൺ ടയറോടുകൂടി ലൈലാൻഡ് ചേസിസ്സിന്റെ വില 1,83,126 രൂപയുമാണ്. ബോഡി പുറത്തു കൊടുത്ത ചെയ്യിപ്പിക്കുന്നതിന് ഇപ്പോഴത്തെ നിരക്ക് 1,10,000 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly